പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1180 30.09.2016-ലെ മറുപടിക്ക്

# അനധികൃത കൈയ്യേറ്റം

| ചോദ്യം<br>ശ്രീ. സി. മമ്മൂട്ടി | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | തലസ്ഥാന നഗരിയിലെ കിഴക്കേ ക്കോട്ടയിൽ കെ.എസ്.ആർ.ടി.സി യുടേതായ സ്ഥലം അനധികൃത മായി കൈയ്യേറിയിട്ടുണ്ടെങ്കിൽ ഏത്ര സ്ഥലമെന്ന് വ്യക്തമാക്കു മോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ 75.5 സെന്റ് സ്ഥലത്ത് ഉടമസ്ഥാവകാശം കെ.എസ്. ആർ.ടി.സി.യ്ക്ക് കൈമാറുന്നതിന് മുൻപ് തന്നെ 16 കടമുറികൾ അനധികൃതമായി പ്രവർത്തിക്കുന്നു എന്ന് റവന്യൂ അധികാ രികൾ അറിയിച്ചിട്ടുണ്ട്. കയ്യേറ്റം എത്രയെന്ന് അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല. |
| (ബി) | ഈ സ്ഥലം ഒഴിപ്പിക്കാൻ ജില്ലാ കളക്ടർക്ക് അറിയിപ്പു നൽകിയിട്ടു ണ്ടോ; എങ്കിൽ എന്നാണ്; കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ജില്ലാ കളക്ടർക്ക് കെ.എസ്.ആർ.ടി.സി കത്ത് നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) | അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കു മ്പോൾ അവർക്ക് കെ.എസ്.ആർ. ടി.സി യുടെ മറ്റേതെങ്കിലും സ്ഥലത്ത് സൗകര്യം ചെയ്തു കൊടുക്കാമെന്ന ധാരണ ഉണ്ടായി ട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം വിശദമാക്കുമോ; | (സി) | ഇതു സംബന്ധിച്ച് 4.8.2016-ൽ റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയുണ്ടായി. താൽക്കാലികമായി പുനര ധിവാസ സൗകര്യം ഒരുക്കിയ ശേഷം കെ.എസ്.ആർ.ടി.സിയുടെ സ്ഥലത്ത് നിന്നും ഒഴിപ്പിക്കുവാനായി പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | കിഴക്കേക്കോട്ടയിൽ അനധികൃത കൈയ്യേറ്റം നടന്നതും ശേഷിക്കുന്ന തുമായ സ്ഥലത്തിന്റെ കസ്റ്റോഡി യൻ ആരാണെന്ന് വ്യക്തമാക്കു മോ? | (ഡി) | കെ.എസ്.ആർ.ടി.സിയുടെ ഉടമസ്ഥതയി ലുള്ള വസ്തു മാനേജിംഗ് ഡയറക്ടറുടെ പേരിലാണ്. |

സെക്ഷൻ ഓഫീസർ

# കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നം: ഇ.എസ്4/014789/14

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ.
തിരുവനന്തപുരം, തീയതി 15.04.2016

പ്രേക്ഷിതൻ

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

ജില്ലാ കളക്ടർ
കളക്ട്രേറ്റ്
കുടപ്പനകുന്ന്
തിരുവനന്തപുരം.

സർ,

വിഷയം:- കെ.എസ്.ആർ.ടി.സി കിഴക്കേകോട്ട ബസ് സ്റ്റാന്റ് വക സ്ഥലത്തെ അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:- ബി8/28873/08 പ്രകാരമുള്ള കളക്ട്രേറ്റിലെ 08.05.15-ലെ കത്ത്.

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു.

കെ.എസ്.ആർ.ടി.സി കിഴക്കേകോട്ട ബസ് സ്റ്റാന്റ് സ്ഥിതി ചെയ്യുന്ന സർവ്വെ നമ്പർ 659-ൽപ്പെട്ട 75.250 സെന്റ് സ്ഥലത്ത് കെ.എസ്.ആർ.ടി.സിയുടെ പേരിൽ പട്ടയം ലഭ്യമായിട്ടുള്ളതാണ്. ഈ സ്ഥലത്ത് കോർപ്പറേഷൻ കാലങ്ങളായി [illegible] വരികയാണ്. എന്നാൽ ഈ സ്ഥലത്ത് വിവിധ ആളുകൾ/വിഭാഗങ്ങൾ അനധികൃതമായി കച്ചവടം നടത്തി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ലാൻഡ് കൺസർവൻസി ആക്ട് 1958 പ്രകാരം കെ.എസ്.ആർ.ടി.സി ഭൂമിയെ സർക്കാർ ഭൂമി എന്ന ഗണത്തിലാണ് പരിഗണിച്ചിരിക്കുന്നത്. ആയതിനാൽ അനധികൃത കൈയ്യേറ്റക്കാരെ ഒഴിപ്പിച്ച് ഭൂമി കെ.എസ്.ആർ.ടി.സിയ്ക്ക് ലഭ്യമാക്കുന്നതിലേക്ക് സത്വര നടപടികൾക്കായി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ

സെക്ഷൻ ഓഫീസർ